# ബലിദർശനം

## ശ്രാവണപ്രഹർഷം

ഓണമുണ്ടെഴുന്നേറ്റിത്തിണ്ണയിൽ പുൽപ്പായയിൽ
തൂണിലെൻ തലച്ചുമടിറക്കിക്കിടക്കുമ്പോൾ,
പൂക്കളത്തിൽച്ചെന്നോരോ പൂവിലെത്തേനും നക്കി
നോക്കുമെൻ മിഴികൾക്കു ലഹരിപിടിക്കുമ്പോൾ
ഞൊടികൊണ്ടാ വർത്തുളവർണ്ണസൗഭാഗ്യത്തിന്റെ
നടുവിൽ സുതലത്തിൽനിന്നു പൊന്തിയപോലെ
കണ്ടു ഞാൻ മഹാബലിയുടെ മൺകോലം, തല–
യ്ക്കുണ്ടരിമാവാൽ, പലപൂക്കളാലലങ്കാരം
കൈയിലൊരോലക്കുട വിൽക്കോലും മുളവില്ലും
കണ്ഠത്തിൽ പൂവട്ടിയും ധരിച്ചിട്ടുണ്ടാസ്സൗമ്യൻ.
വിരുന്നുണ്ണുകയല്ലോ കേരളത്തറവാടിൻ
വിടർന്ന ഹൃദയത്തിലീ പ്രജാപതി! പൂവി–
ട്ടലക്കീടിന വെള്ളപ്പുടവക്കഞ്ഞിപ്പശ–
യുലഞ്ഞീടവേ, കാശുതാലിയും പൂത്താലിയും
കുലുങ്ങീടവേ, താളമിട്ട കൈവളക്കൂട്ടം
കിലുങ്ങീടവേ, പ്രജാപതിയെഗ്ഗാനത്തിന്റെ
വിലത്തിൽബ്ബന്ധിച്ചാടിപ്പാടുന്നു ശശ്വൽസുമം–
ഗലിമാർ മലയാളഗ്രാമലക്ഷ്മിമാരാകെ,
കണ്ണടച്ചിരുന്നോണപ്പാട്ടിലെദ്ദൃഢവിശ്വാ–
സാന്ധതാസമ്പൂർത്തിയിലാലിലക്കണ്ണൻപോലെ
വിഹരിക്കുമീ പ്രേമധന്യന്റെ കപോലത്തിൽ
വിടരുന്നുവോ പെട്ടെന്നിത്തിരി തുമ്പപ്പൂക്കൾ?
ശരിതാൻ: കേൾപ്പൂ വിയർത്തൊലിക്കും കുമ്പക്കീഴിൽ
മുറുകെക്കോൽത്താർതറ്റു തലയിൽക്കെട്ടും കെട്ടി
പറഞ്ഞാൽ പന്ത്രണ്ടുള്ള കാരണവന്മാർ ചേരി
പിരിഞ്ഞുകളിക്കുമ്പോൾ പകിടക്കരു രണ്ടും
പഴുതേ മണ്ണിൽക്കിടന്നുരുണ്ടു കളിക്കുമ്പോൾ,
പഴം വീഴാഞ്ഞിട്ടുള്ള ഘോരാട്ടഹാസം ദൂരെ!

ഝഝഝ

മഞ്ഞളിക്കയോ പതിറ്റടിക്കെൻ മിഴിയിലെ
മൺകോലം? അഹോ, സ്വർണ്ണസിംഹാസനത്തിന്മേലോ
അവിടുന്നിപ്പോൾ പുരന്ദരജേതാവേ, അമർ–
ന്നരുളീടുന്നൂ? സൂര്യപ്രഭ ചിന്തുന്നൂ നിന്റെ–
യൊരു കണ്ണിതാ, മറ്റേക്കണ്ണു പൗർണ്ണമിയല്ലോ;
മരണം തീണ്ടാ പ്രാഡ്വിവാകനല്ലല്ലീ താങ്കൾ? *
മാറത്തുണ്ടിരുമ്പിന്റെ ധീരത, വാടാമലർ–
മാലയും: തിളങ്ങും തോൾവളകൾക്കുമേൽ കാണ്മേൻ
അമ്പൊടുങ്ങീടാത്തൂണീരങ്ങൾതൻ ഭാരം, കാതി–

ലാടിടും മകരകുണ്ഡലകാന്തിതൻ പിന്നിൽ
കൈയിൽപ്പൊൻപിടിവില്ലും ശംഖവും വാളും ചേർന്ന
മെയ്യഴകി, ദ്ദോർവീര്യമെന്നുള്ളിൽത്തറയ്ക്കുമ്പോൾ,
അവിടുന്നാരായുന്നു'ണ്ടാരു നീ?' എന്നോ? ഞാനൊ–
രാജന്മമൂകൻപോലെ നിൽപ്പതു പൊറുത്താലും!

ൟൟ

പാതി ചിമ്മിയ കണ്ണിന്നിമയിൽ സുഖത്തിന്റെ
പാട കെട്ടിയിട്ടുണ്ടോ നിദ്ര? ഞാൻ കാണുന്നതും
കേൾപ്പതും വിഭ്രാന്തിയോ സത്യമോ? തളംകെട്ടീ
വീർപ്പിടത്തൊണ്ടയ്ക്കുള്ളിൽ: ആരു ഞാ,നാരാർ ഞങ്ങൾ?
ആരു ഞാ, നാരാർ ഞങ്ങൾ? പന്തീരാണ്ടുകളോണ–
മാചരിക്കുവാൻ സാധിയ്ക്കാത്തവരെങ്കിൽക്കൂടി
കരളിൽക്കാശീതീർത്ഥംപോലെയുണ്ടിന്നും ബാല്യ–
സ്മരണാമാധുര്യം: അന്നങ്ങതൻ നിറുകയിൽ
ഉദയാൽപ്പൂർവ്വാന്ധകാരങ്ങളിലലഞ്ഞു കാ–
ലിടറിപ്പൊട്ടിപ്പോയതറിയാത്തവർ ഞങ്ങൾ
ആടിയില്ലയോ തുമ്പക്കുടങ്ങൾ വീണ്ടും വീണ്ടും;
ആ മധുരാഹ്ലാദങ്ങളത്രയും വാടിപ്പോയോ?
മറന്നേപോയോ താങ്കൾ ഞങ്ങൾതൻ മുഖാകൃതി
മലയാളികളുടെ മരിക്കാത്ത രാജാവേ?

ൟൟ

ഞങ്ങളാരെന്നോ? ഞങ്ങൾ ചരിത്രഗ്രാമങ്ങളിൽ
മംഗളം വിളയുന്ന കസ്തൂരിനിലങ്ങളിൽ
ആയിരത്താണ്ടിൻ കർമ്മത്തീ കെടാക്കുണ്ഡങ്ങളിൽ
പായസപാത്രത്തോടെപ്പൊന്തിവന്നവരല്ലോ!
ഭോഗലാലസക്കടൽ മോന്തിയ കാലം മേഹ–
രോഗത്തിൻ കാളച്ചാലിൽ പിടഞ്ഞു ഞരങ്ങുമ്പോൾ
ഭാവിക്കു മുലകൊടുത്തീടുന്ന ശകുന്തത്തിൻ
ജീവകാരുണികളേ, വരുവിൻ; ത്യാഗത്തിന്റെ
കങ്കണക്വാണം നീട്ടി വാങ്ങുവിൻ മൃതസഞ്ജീ–
വനി, നിങ്ങൾക്കായ്ക്കൊണ്ടുവന്നൊരീ സർഗ്ഗസ്നേഹം!

ൟൟ

എങ്കിലും കാലം ചെരിച്ചളന്നീടറവാക്കീ
ഞങ്ങൾക്കി,ന്നയൽ തെണ്ടും ജിപ്സികളല്ലോ ഞങ്ങൾ.
വേരു പൊട്ടിയ കാലിൻ മുറിവായിൽനിന്നിറ്റും
നീറൽ വീഴുന്നൂ ഞങ്ങൾ നടക്കുന്നിടത്തൊക്കെ,
ഞങ്ങൾതൻ ശിരസ്സിലെ ഭാണ്ഡത്തിലിപ്പോൾ ശുഷ്ക്ക–
മെങ്കിലും ബൃഹത്തായ കുക്ഷികൾ കാൺമൂ നിങ്ങൾ;
കുക്ഷിയിലെന്തായിട്ടും കൈവിടാൻ കഴിയാത്ത
ശിക്ഷയാം ശ്രാദ്ധക്കിണ്ടി; കിണ്ടിയിൽക്കണ്ണീർവെള്ളം.
ഒരു കൈയിലിപ്പുണ്യപായസപാത്രത്തോടെ
മറുകൈകൊണ്ടാ ഭാണ്ഡം താങ്ങിക്കൊണ്ടിരിക്കുമ്പോൾ
മുണ്ടഴിഞ്ഞതു മുറുക്കുന്ന വെപ്രാളം, ചെത്തിൽ
പണ്ടു കെട്ടിച്ചോരത്താണികളെ സ്മരിക്കുമ്പോൾ
പല്ലുകൾക്കിടയിൽ വെച്ചിറുക്കിപ്പിടിക്കയാ–
ണല്ലറുതിയിലോളം മടിയിൽസ്സൂക്ഷിക്കേണ്ട

മനസ്സാക്ഷിയെ ഞങ്ങൾ; കർക്കടറേഷൻഷാപ്പിൽ
നിരയിട്ടുപോയ്; ഞങ്ങൾ ക്കിരുട്ടിൻ ഹൈവേ മാത്രം
ശരണം; വാക്കിന്നടിപതറിപ്പോയോ വീണു–
മരണം––കൊതുകിന്റെ കാളച്ചാൽ സുനിർബ്ബാധം!

ൗൗൗ

ഇതെന്താണ,സ്മൽബ്ബാഷ്പബിന്ദുക്കളെല്ലാം കൂടി–
യിരമ്പിപ്പൊന്തും വെള്ളപ്പൊക്കമല്ലയോ ചുറ്റും?
പൊടിക്കില്ലയോ സൂര്യൻ ഹൃദയാകാശം മൂടി–
പ്പിടിച്ച ജന്മാന്തരദുഷ്കൃതക്കാർമേഘത്തിൽ?
ഏഴു വർണ്ണത്തിൽ** സൂര്യകിരണം ചിതറിക്കും
വ്യാളങ്ങൾ മേയും പണക്കറതൻ മട്ടുപ്പാവിൽ
നാവിനാൽ ഭരിക്കുന്ന വായുക്കൾ ചക്രശ്വാസ–
നാടകം കളിക്കുമ്പോളടിപ്പൂ തമ്മിൽത്തമ്മിൽ.
കടിപ്പാനവതമ്മിൽ കുരച്ചു തുപ്പീടവേ
പൊടിക്കും നീരാറ്റുന്നൂ ശാലികൾക്കല്പം ദാഹം.
യുക്തിവാദത്തിൻ തുവ്വാലടിക്കെത്തങ്ങീ ഞങ്ങ–
ളുൽക്കടമതാവേശക്കള്ളുഷാപ്പിലെച്ചായ്പ്പിൽ.
എങ്കിലും കൂർക്കം വലിച്ചുറങ്ങീ യാത്രാക്ഷീണം;
എന്നിട്ടും ബ്രേക്കില്ലാസ്സംസാരചക്രത്തിൻ ഹോറ–
നുണർത്തീ; രോമം കാണാറാകവേ, ചുമരിൽനി–
ന്നുതിർന്നൂ കലണ്ടറിൻ കർക്കിടകത്താ; ളുടൻ
വിടർന്നൂ കണ്ണിന്നുള്ളിൽ സസ്മിതം പൊന്നിൻചിങ്ങം
മുടങ്ങാ സ്വർഗ്ഗത്തിന്റെ മൂർത്തവാഗ്ദാനം പോലെ.

ൗൗൗ

മുക്കിയെടുത്തു കാലം കർക്കടക്കണ്ണീരിലീ
മുഗ്ദ്ധകന്യകയെയെന്നാരിനി സ്മരിക്കുന്നു?
ഒടുങ്ങാ സ്വപ്നത്തിന്റെ സർഗ്ഗസൗരഭവർണ്ണ–
ത്തുടിപ്പല്ലയോ കോരിക്കുടിപ്പൂ ജീവാത്മാക്കൾ
ആയിരം ചരങ്ങളിലചരങ്ങളിൽ നിന്നീ
മായികമുഹൂർത്തത്തിൻ മധുരോദയത്തോടെ?
പുളകം കൊണ്ടു വർഷഖിന്നയിദ്ധരണി, പൊൽ–
പ്പുലർചിങ്ങത്തിൻ ചുടുചുണ്ടിലെസ്സീൽക്കാരത്തിൽ
മണ്ണറതോറും ചത്തുകിടന്ന നിത്യാനന്ദ–
ക്കണ്ണുകളെല്ലാം മിഴിഞ്ഞാശകൾ വിടർത്തുമ്പോൾ.
പാതിരാസ്സങ്കൽപ്പത്തിൻ സൗരഭം പരത്തുമ്പോൾ,
പാരിനെന്തൊരു വർണ്ണനിർവൃതിപ്പുളപ്പമ്പോ!
ദുഃഖകാലത്തിൻ മലഞ്ചെരിവിൽക്കണ്ണീർത്തോട്ടു–
വക്കി,ലക്കർമ്മോൽക്കർഷവിരിപ്പുനിലങ്ങളിൽ
തുമ്പയും കറുകയും കൃഷ്ണക്രാന്തിയും കാശി–
ത്തുമ്പയും മുക്കുറ്റിയും കാക്കപ്പൂവരിപ്പൂവും
വെള്ളില വെള്ളാമ്പൽപ്പൂവെ,ല്ലാ പൂക്കളും നിന്നു
തുള്ളുന്നു ചുണ്ടിൽദ്ദിവ്യപ്രേമസന്ദേശത്തോടെ.
കാറ്റിൽ മൂളിക്കൊണ്ടവ തലയാട്ടുമ്പോഴേയ്ക്കു–
ണ്ടാറ്റുവക്കത്തെച്ചീവീടുകളും കുരൽ മീട്ടീ.
വയലിൻ പവിഴപ്പുന്നെൽക്കുലകളും ചേർന്നു
തലയാട്ടുകയായാസ്സംഗീതസാമ്രാജ്യത്തിൽ.
പൊന്നിളവെയ്ലിൻ മഞ്ഞൾ മുക്കിയ വിഹായസ്സിൽ–

ത്തെന്നിടും തേൻതുമ്പിപ്പൂഞ്ചിറകുമുറഞ്ഞപ്പോൾ,
കൊത്തിയ കന്നിപ്പുകിൽപ്പൊൽക്കുല കടുംചോര–
ക്കൊക്കിലേന്തിയ പച്ചച്ചിറകും നൃത്തം വെയ്ക്കെ,
മലതൻ മടിയിൽനിന്നോണവില്ലൊലിക്കൊൾകെ,
മണിയുണ്ണികളുടെ    പൂക്കൂട പാടിപ്പോയി:
‘‘വരുന്നൂ മഹാബലിത്തമ്പുരാൻ നമ്മെക്കാണാൻ:
വരുംമുമ്പവിടുത്തെ നിശ്വാസവിമൂർച്ഛയിൽ
വിരിഞ്ഞു മലനാടിൻ ഹൃദയം മുഴുവനും:
വിടർന്നൂ കാലത്തിൻകണ്ണംബരച്ഛത്രത്തോളം.
കണ്ണുനീരാറ്റിൽക്കുളിച്ചെത്തിയ ശുഭ്രസ്നിഗ്ദ്ധ–
കന്യകേ, അടുപ്പത്തു വെയ്ക്കുകക്ഷയപാത്രം!’’

# മഹായാനകഥ

ആ വിളി പിന്നിൽ കൊടുങ്കാറ്റടിച്ചിട്ടും ഞങ്ങൾ–
ക്കാ വിളി കാലിൽ കൂച്ചുചങ്ങല ബന്ധിച്ചിട്ടും
നിൽക്കാതെത്തിരിഞ്ഞുനോക്കാതെയുമെങ്ങോട്ടെന്നു
നിശ്ചയമില്ലാതെയും സഞ്ചരിക്കയായ് ഞങ്ങൾ.
പട്ടിണി കിടക്കൊല്ല കീറലും മുഷിഞ്ഞതും
ചുറ്റൊല്ലാ ഭവത്സന്നിധാനത്തി,ലീപ്പൊങ്ങച്ചം
കാണവും പണയവും ജന്മവും പണ്ടേ വിറ്റി–
ട്ടോണമുണ്ടപ്പോൾ, പ്പൊട്ടിച്ചിന്നിയ പൂളപ്പഞ്ഞി
ഒടുവിൽ കഞ്ഞിക്കലത്തൊണ്ടയിലൂറാമ്പുലി
വലകെട്ടവേ നാലുകാതന്മാരെയും വിൽക്കെ,
നടന്നും ടിക്കറ്റെടുക്കാഞ്ഞു തീവണ്ടിസ്സീറ്റി–
ന്നടിയിൽ പലുങ്ങിയും നഗരത്തിൽ വന്നെത്തീ.
പെട്ടിയും പായക്കെട്ടും തലയിൽ, പിച്ചാപിച്ചാ
കുട്ടികൾ വെയ്ക്കും മൃദുപാദവിന്യാസം മുന്നിൽ.
ഫുട്പാത്തിലാരോ വെച്ച വൃക്ഷത്തിൻ തണൽപ്പാട്ടിൽ
സ്വൽപ്പമാത്രകൾ ഞങ്ങൾ മുതു ചായ്ച്ചിരുന്നപ്പോൾ
പൊക്കണത്തിലെ റൊട്ടിക്കഷണം വാരിത്തിന്നും
മക്കൾ മന്ത്രിച്ചൂ: ‘‘നാളെയാണത്രേ തിരുവോണം!’’

ഊഊഊ

ചക്കപോൽ മുഖത്തു വന്നടിക്കും കൊതു മൂളും
ചകിരിക്കുഴിയുടെ വാടയിൽ പാർപ്പായ് ഞങ്ങൾ.
പാർപ്പൊരു വീട്ടിൽത്തന്നെയെന്ന സന്തുഷ്ടിക്കായി
പത്തുറുപ്പിക മാസം ഞങ്ങളും കൊടുക്കുന്നു.
കിഴക്കൻമലയുടെ താഴ്വരകളിലെങ്ങോ
മഴക്കാറുകൾ തമ്മിലൊന്നുരഞ്ഞുപോയെങ്കിൽ
പൊങ്ങുകയായീ വെള്ളം കനോലിസ്സായ്പിൻ തോട്ടിൽ;
ഞങ്ങൾ പാർത്തിടുമാന്തമാനിതാ, മുങ്ങാറായീ.
കോർപ്പറേഷൻകാർ വിട്ട വഞ്ചിയിൽ, കൈയിൽക്കിട്ടും
കോപ്പുകളെല്ലാം വാരിക്കേറിക്കൂടിയ നാളിൽ
റ–ര–താദികൾ പഠിപ്പിക്കുന്ന ഷെഡ്ഡിന്നുള്ളി–
ലെരിഞ്ഞൂ വേലിത്തറിപ്പുകയാൽ കഞ്ഞിക്കലം

സൈക്കിളിൽ പായും ചെക്കനെറിയും പത്രം നോക്കി
മക്കൾ മന്ത്രിച്ചൂ വീണ്ടും: ''നാളെയായ് തിരുവോണം.''

ഊഊഊ

ജോലിയുണ്ടായീ നെയ്ത്തുകമ്പനിയി,ലക്കാല–
ത്താളുകളെൻ വീട്ടലുള്ളവർതൻ തുണികളിൽ
തുറിച്ചു നോക്കാഞ്ഞതെൻ ഗൃഹലക്ഷ്മിതൻ മൃദു–
വിരലിൽത്തത്തും സൂചിനൂലിന്റെ മിടുക്കത്രേ.
അലക്കാൻ കൂടീലന്നു സൺലൈറ്റിൽ,ട്ടിനോപ്പാലിൽ:
അറിഞ്ഞില്ലെന്താണിസ്ത്രിപ്പെട്ടിയെന്നെ,ങ്കിൽക്കൂടി,
ആളുകൾ–സ്വന്തം തോളത്തുള്ള ബദ്ധപ്പാടുകൊ–
ണ്ടാവും–ആർത്തില്ലാ ചെത്തിൽ ഞങ്ങളെക്കണ്ടെത്തുമ്പോൾ.
മുഷിഞ്ഞൂ കീറിപ്പോയീ കുപ്പായം, അതിൽത്തൂത്ത
മഷി യൂറേഷ്യാഖണ്ഡത്തിൻ പടമായിപ്പോയി,
എന്നറിയാതെൻ മക്കളമ്മതൻ മടിക്കുത്തിൽ
ചെന്നു തൂങ്ങുമ്പോൾ, 'പത്തു കാശെ'ന്നു ശബ്ദിക്കുമ്പോൾ
നിരത്തിൽക്കൂടിപ്പോകുമൈസ്ഫ്രൂട്ടിലുൾക്കണ്ണും ന–
ട്ടിരിക്കും മാതാവോർത്തു, ''നാളെയോ തിരുവോണം?''

ഊഊഊ

കൂലി ചോദിച്ചൂ ഞങ്ങളധികം, ഘെരാവോവിൽ–
ക്കൂടി മാനേജർക്കൊരു പാഠവും പഠിപ്പിച്ചു,
കിട്ടിയതൊരു ലോക്കൗട്ടീ, ഞങ്ങൾ നെയ്തുണ്ടാക്കും
പട്ടു ഗോഡൗണിൽ കെട്ടിപ്പഴകിക്കിടപ്പത്രേ.
ചീഞ്ഞൊരിക്കാലാവസ്ഥ കൂടിയായാലോ? മക്കൾ
ചീക്കിലാണ,തിസാരം പനിയും തലേക്കുത്തും
ഛർദ്ദിയും! അടുപ്പിൽത്തീപൂട്ടുവാൻ കടംകൊണ്ട
പത്തുറുപ്പികതാനേ പറന്നുപോയ്പോയല്ലോ.
ഹോമിയോപ്പതിക്കെന്നാൽ സ്തുതി! മൃത്യുവിൽനിന്നെ–
ന്നോമനമാരെദ്ദൈവമൊടുക്കം രക്ഷിച്ചല്ലോ!
കടലയ്ക്കുടൻ വില താണുപോൽ മുളകിന്നും;
കഴിഞ്ഞുകൂടാം കഷ്ടിച്ചെന്നൊരാശ്വാസം; പക്ഷേ,
അരിതൻ വില പെട്ടെന്നുയർന്നൂ റേഷൻഷാപ്പിൽ;
ചിരിപൊട്ടുന്നൂ വീട്ടിൽ,''നാളെയാണോണം പോലും!''

ഊഊഊ

തുണി വിറ്റില്ലെങ്കിലും ശമ്പളം തന്നേയ്ക്കട്ടേ,
പണമല്ലയോ ബാങ്കിൽ? ചെക്കില്ലേ? ചീന്തിക്കൂടേ?
മുതലാളിക്കെന്താണ്? കാറില്ലേ? പത്രാസില്ലേ?
തൊഴിലാളികൾക്കുരിക്കഞ്ഞിയെങ്കിലും വേണ്ടേ?
ഘോഷയാത്രയിലാദ്യം കേട്ടതെൻ വിശപ്പിന്റെ
ഘോരനിർഘോഷം; പിന്നിലെന്റെ വാക്കാവർത്തിക്കാ–
നായിരങ്ങളുണ്ട;–ന്നു മണിക്കൂറുകൾനേരം
മേയറായിരുന്നതാരെ,ൻ ചെറുനാവല്ലാതെ?
എങ്കിലും ഞാനാ രാവിലുറങ്ങാൻ കിടന്നപ്പോൾ
സങ്കടം തോന്നീ; കഷ്ടം! മോശക്കാരനായ്പ്പോയ് ഞാൻ!
വീണുപോയല്ലോ മുദ്രാവാക്യലിസ്റ്റെൻ കൈവിട്ടാ
വീഥികളെന്നെച്ചുറ്റിത്തിരിയും മഞ്ഞച്ചൂടിൽ.
പരുങ്ങിപ്പോയല്ലോ ഞാൻ വയറ്റിൽക്കത്തും സത്യം

പറയാൻ നാപ്പേരാതെ! ''നാളെയാണോണംപോലും!''

ൟൟൟ

ഭാഗ്യമാണൊരു ജോലി താമസംവിനാ കിട്ടീ
ശ്വാക്കളെപ്പിടികൂടിക്കൊണ്ടുപോം ശകടത്തിൽ.
കൊലചെയ്യുന്നൂ ചോറിന്നെന്നതു ദോഷം, കൊല്ലാ–
ക്കൊലയ്ക്കു ചോറാവുന്നതല്ലയോ ദോഷാൽദ്ദോഷം?
കൊല്ലുവാൻ യഥാർത്ഥത്തിലേതവന്നുള്ളൂ ശക്തി?
കൊന്നാലും ചാവില്ലാത്മാവെന്നതേ സത്യാൽസത്യം!
നമുക്കാണെങ്കിൽ തുണിനെയ്ത്തുപോലിതും കർമ്മം;
നടക്കും വീട്ടിൽ പാകകർമ്മമെന്നതോ? മെച്ചം!
പണി തീർന്നുച്ചയ്ക്കിന്നു വീട്ടിലെത്തുമ്പോൾ കാണ്മൂ:
മണിമുറ്റത്തുണ്ടൊരു പൂക്കളം, അകായിലോ,
പപ്പടം പഴംനുറുക്കുകൾതൻ മണം, അയൽ–
പക്കത്തു കിടാങ്ങൾതൻ പന്തുരുട്ടലുമാർപ്പും!
മോടിയിൽ പുഷ്പിച്ചിട്ടുണ്ടെൻ പ്രിയ, ചുണ്ടിൽച്ചിരി
കോടി കായ്ക്കുന്നൂ, ''തിരുവോണമാണറിഞ്ഞില്ലേ?''

# നഷ്ടമൂല്യവിഷാദം

ഓണമുണ്ടെഴുന്നേറ്റിത്തിണ്ണയിൽപ്പുൽപ്പായയിൽ
തൂണിലെൻ തലച്ചുമടിറക്കിക്കിടക്കുമ്പോൾ
അവിടുന്നാരായുന്നൂ, 'സുഖമല്ലയോ?' ഞാനൊ–
രാജന്മമൂകൻപോലെ നിൽപ്പതു പൊറുത്താലും!
ആവില്ലാ കള്ളത്തിനും പൊളിക്കും ചതിക്കും നി–
ന്നാദർശസീമയ്ക്കുള്ളിൽ ചവിട്ടാനിന്നും സ്വാമിൻ!
ഒക്കെയും ചിരഞ്ജീവിക്കറിയാമെന്നാലു,മെൻ
ദുഃഖ,മീ നാരായവേരറ്റ ലോകത്തിൻ സത്യം,
കർമ്മശക്തികൾ കൈയുമുടങ്ങിത്തെണ്ടും കാല–
ധർമ്മസങ്കടസത്യം തന്നെ ഞാൻ നേദിക്കട്ടെ.
പടിക്കൽപ്പന്തീരായിരങ്ങളെക്കെട്ടിപ്പൂട്ടി–
പ്പിടിച്ചു മയങ്ങിയകാലഘട്ടത്തിൻ മണ്ണിൽ
ജന്മിയോ കുടിയാനോ ആരുമാവട്ടേ, മർത്യ–
ജന്തുഹൃത്തോണംകേറാമൂലയായിരുന്നില്ല!
കാടെന്നസ്സംസ്കാരത്തെത്തള്ളട്ടേ പരിഷ്ക്കാരം;
നാടുവിട്ടോടിപ്പോന്ന ഞങ്ങൾതൻ ഹൃദയത്തിൽ
ജ്വലിപ്പൂ മച്ചിൽക്കെടാവെളിച്ചംപോലെ പ്രജ്ഞ;
ചലിപ്പൂ ചിത്രങ്ങൾ പോലതിലീശ്ശിലാലേഖം.

ൟൟൟ

പുതുവർഷത്തിൽ ഭിന്നവാസനാപരിവാഹ–
പ്പുലർകാലത്തിൻനേരെക്കണ്മിഴിച്ചീടുംമുമ്പേ
'ഞാനേ, ഞാൻ ഞാനാണെന്ന മിത്ഥ്യയെ,ക്കണ്ണിൻ മുമ്പിൽ
കാണുന്നതെല്ലാം മറ്റൊന്നാണെന്ന ചിത്സത്യത്തെ,
മംഗളപ്രതീകങ്ങളരുളും പൂർണ്ണത്തെ,യു–
ത്തുംഗനമ്രതയോടെജ്ജീവാത്മകോഷ്ഠത്തിന്മേൽ
ഇച്ഛയാൽ പ്രതിഷ്ഠിച്ച കണി കണ്ടെണീറ്റല്ലോ
പ്രച്ഛന്നപ്രപഞ്ചത്തെപ്പുൽകിയതസ്സംസ്കാരം!

ദുർഘടം വാരിക്കോരിച്ചൊരിയാനെത്തും ധൂർത്ത–
കർക്കടത്തിലേക്കർക്കൻ സംക്രമിച്ചീടുംമുമ്പേ,
പടിയോളവും വാസ്തുമണ്ഡലം ചെത്തിക്കോരി
വെടിപ്പുവരുത്തിശ്ശീവോതിയെ വിളക്കുവെ–
ച്ചിരുത്തി,ദ്ദശപുഷ്പമഷ്ടമംഗല്യത്തോടെ–
ത്തിരുമുമ്പിലർപ്പിക്കാൻ  മറന്നില്ലസ്സംസ്കാരം!
ചേട്ടയെ മുറം – കോണി–ചൂട്ടു–ചൂലുകളോടെ–
യാട്ടിയോടിക്കുമ്പോഴും മുറ്റത്തു ചിരട്ടയിൽ
അരിയും നീരും പകർന്നടിയിലുരുളൻക–
ല്ലടുപ്പിൽ തീപൂട്ടുവാൻ മറന്നില്ലസ്സംസ്കാരം!
ഏഴരരാവിന്നേറ്റു ഗംഗയെയുണർത്തുവാൻ,
നാഴികവട്ടപ്രായം ഗംഗയിൽ മന്ത്രസ്നാന–
വിധിപോൽ മുഴുകുവാൻ, അഗ്നിവക്ത്രത്തിൽഗ്ഗണ–
പതിയാം വിഘ്നേശനെയേകദന്തനാം ലംബോ–
ദരനെസ്സങ്കല്പിച്ച,ത്തപ്തകാഞ്ചനകാന്തി
ചൊരിയും മഹാകായൻതൻ തിരുവായിൽ, പൂണ്ട
കൊട്ടത്തേങ്ങകൾ കുത്തിത്തിരുകാൻ, നൂറ്റെട്ടേത്ത–
മിട്ടു കൈവണങ്ങാനും മറന്നില്ലസ്സംസ്കാരം!
ആദ്യത്തെപ്പുന്നെൽക്കുല കടന്നുവരും മുമ്പാ–
യാലയം മെഴുകിയും കഴുകിത്തുടച്ചല–
ങ്കരിച്ചും വിളക്കഷ്ടമംഗല്യം നിറപറ–
യൊരുക്കിപ്പടിക്കൽച്ചെന്നെതിരേൽക്കുവാൻ,ശംഖ–
മംഗലധ്വാനത്തോടും മംഗലസൂക്തത്തോടും
മച്ചകം നിറയ്ക്കാനും മറന്നില്ലസ്സംസ്കാരം!
പൂത്തരിയുണ്ണുന്നതുകൂടിയക്കാലത്തീശ–
ഭക്തിദീപത്തിൻ മുന്നിലാവണപ്പലകമേൽ
കിഴക്കു നോക്കിപ്പടിഞ്ഞിരുന്നാചരിക്കേണ്ടും
ക്രിയയായ്പ്പഞ്ചപ്രാണപൂജയായ്ക്കണ്ടൂ ഞങ്ങൾ.
ഇന്നു പുത്തരി പുത്തനരിമാത്രമാണെ,ന്നാ–
ലിന്നലത്തേതാ ലക്ഷ്മീദേവിതൻ കൃപാബിന്ദു.

ൟൟൟ

കർക്കടത്തിരുവോണം മുതൽക്കേ മെഴുകിയ
മുറ്റത്തെ മുക്കുറ്റിപ്പൂവങ്ങയെ പ്രതീക്ഷിച്ചൂ.
അങ്ങയെ മൺകോലത്തിൽ ഞങ്ങളാവാഹിക്കും മു–
മ്പന്നൊരിക്കലുമത്തം  കറുത്തിട്ടില്ലീ നാട്ടിൽ.
അമ്മമാരവിടേയ്ക്കു പൂവട നേദിയ്ക്കുംമു–
മ്പന്നൊരിക്കലുമോണം വെളുത്തിട്ടില്ലീ നാട്ടിൽ.
അന്നു കാരണവന്മാരുണർന്നൂ കുന്നത്തു നി–
ന്നുണ്ണികൾ പാടിക്കേട്ട പൂപ്പൊലിപ്പാട്ടാലല്ലോ.
അന്നു കാരണവന്മാരുറങ്ങീ മുറ്റത്തു നി–
ന്നുണ്ണികൾ കൊട്ടും വില്ലിൻ വിളി കേട്ടുകൊണ്ടല്ലോ.
അവനം ചതുർമ്മാനസത്യമാമക്കാലത്തി–
ബ്ഭുവനംകുറേക്കൂടിദ്ധന്യമായിരുന്നില്ലേ?

# ത്രിമാനയുഗം

‘‘മകനേ, മനസ്സിലാക്കുന്നു ഞാൻ ഭവദ്ദുഃഖം,’’

മനുഷ്യാത്മാവിൻ ഗൗരീശങ്കരശിഖിരത്തിൽ
ആദ്യമായുരുകിയ മഞ്ഞുകളല്ലീ വന്നെ–
ന്നാത്മാവിൻ വരളുന്ന രോമകൂപങ്ങൾക്കുള്ളിൽ
അവസാനമില്ലാത്ത നിർവൃതി വർഷിപ്പൂ? ഞാ–
നടഞ്ഞ കൺപോളകൾ വിടർത്താൻ ശ്രമിക്കട്ടെ:
മുന്നിലിപ്പൊഴുമുണ്ടെൻ ഗൃഹനായിക തീർത്ത
വർണ്ണസങ്കൽപ്പത്തിലെ സ്സുവർണ്ണാസനത്തിന്മേൽ
പാട്ടുകാരികളാമെൻ നാട്ടുകാരികളുടെ
പാട്ടുകേട്ടാട്ടം കണ്ടും വർത്തിപ്പൂ ചിരഞ്ജീവി.
എന്നിലാണെ,ന്നാൽ തന്റെയിമവെട്ടിടാ സ്നേഹ–
ക്കണ്ണിലെ ദ്യുതി വന്നു മുട്ടുന്നൂ സുനിർബ്ബാധം.
അരുളിച്ചെയ്യുന്നുമുണ്ടദ്ദേഹമെന്തോ: ചെവി
തുറന്നാത്തിരുമൊഴികേട്ടു ഞാൻ കിടക്കട്ടെ:

഻഻഻

‘‘മകനേ, മനസ്സിലാക്കുന്നു ഞാൻ ഭവദ്ദുഃഖം:
മലനാട്ടിലിന്നോണം പത്രപംക്തിയിൽ മാത്രം.
പുള്ളുവക്കുടം, വീണ, കൈകൊട്ടിക്കളിപ്പാട്ടു,
വില്ലടി––എല്ലാമിന്നു റേഡിയോകളിൽ മാത്രം.
ക്യാമറ, ടേപ്റെക്കാർഡർ, റോട്ടറി–– വർദ്ധിക്കുന്നൂ
ഭൂമിയിൽ വിശ്വാമിത്ര ഭാവനാവിലാസങ്ങൾ!
ഉഗ്രമീത്തപശ്ശക്തി വളർന്നിട്ടുടലോടെ
സ്വർഗ്ഗത്തിലെത്തിച്ചേയ്ക്കാം ത്രിശങ്കുക്കളെ നാളെ.
പൊന്നു വെയ്ക്കേണ്ടേടത്തു വെച്ചില്ല പൂവെങ്കിലു–
മെന്ന നൊമ്പരം പക്ഷേ, കുതറുന്നുണ്ടാമന്നും.
ശമ്പളമഡ്വാൻസായിക്കൊടുക്കാൻ സർക്കാരിന്നു
സമ്മതം പോരെന്നാ,പ്പീസ്സടയ്ക്കില്ലെന്നും വന്നാൽ
വിശേഷാൽപ്രതികളും റേഡിയോകളും നല്കും
വിനോദം കഴിച്ചാൽപ്പിന്നിപ്പൊഴെന്തോണം കുഞ്ഞേ?
കഴിക്കുന്നതാറവുൺസരിയല്ലയോ? നേന്ത്ര–
പ്പഴത്തിൻ സ്വാദോ, റഷ്യയ്ക്കച്ചാരം കൊടുത്തില്ലേ?

഻഻഻

മകനേ, മനസ്സിലാക്കുന്നു ഞാൻ, ഇന്നിപ്പാരിൽ
മലർവാടിയും മരുഭൂമിയും തുല്യം തന്നെ.
കരയും കടലുമായ്പ്പിരിയുന്നതുപോലു–
മറിയേണ്ടതില്ലല്ലോ പറക്കും വിമാനങ്ങൾ.
അറിവൂ വാഷിങ്ടണും മോസ്കോവുമടുത്ത ര–
ണ്ടറയിൽപ്പാർക്കുന്നവരെന്നപോലിന്നന്യോന്യം.
മാനവരൊന്നാണിന്നു രാഷ്ട്രങ്ങളൊന്നാണി,ന്നു–
മോണമാഘോഷിക്കയോ പ്രാകൃതന്മാരെപ്പോലെ?
നേരമില്ലിരുന്നു ചിന്തിക്കുവാൻ, ദുഃഖിക്കുവാൻ,
നേരമില്ലാർക്കും സങ്കൽപ്പിക്കുവാൻ, പ്രാർത്ഥിക്കുവാൻ,
നേരമില്ലാത്മാക്കൾതന്നൈക്യനർമ്മദയുടെ

തീരത്തു കുളിർകാറ്റേറ്റിരിപ്പാനിപ്പോഴാർക്കും.
കാര്യമാണെല്ലാവർക്കും കാര്യം: എന്താണീക്കാര്യം?
ഭാര്യയും ഞാനും; സ്വന്തം മക്കളും ചിലർക്കൊക്കെ.
കാഞ്ചനമൃഗത്തെയോ തേടുന്നതാ,പദ്ധർമ്മ–
ക്കാട്ടിൽവെച്ചേതോ മൃത്യു നിങ്ങളെ ഹരിക്കുന്നു!
വേണമെന്നില്ലാ തട്ടാൻ കൂടിയിക്കാലത്താർക്കും;
വേണ്ടതു പ്ലാസ്റ്റിക്കിന്റെ വളയും പേൾമാലയും!
ഒന്നോർത്താൽ ഫാഷൻ മാറിപ്പോയതൊരനുഗ്രഹം–
തന്നെയല്ലയോ? വീട്ടിലാനയില്ലാത്തോർക്കിപ്പോൾ
പതിനാലുകാരറ്റിൻ കാക്കപ്പൊൻവിലപോലും
പാളയത്തിൽച്ചെന്നന്വേഷിക്കുവാനുറയ്ക്കില്ല!
വാനിലത്തോപ്പുള്ളവർ കൂടിയാ റോട്ടിൽക്കൂടി
വാനിലോടുമ്പോൾ വെട്ടിത്തിരിപ്പൂ മുഖപത്മം.

ൟൟൟ

മകനേ, മനസ്സിലാക്കുന്നു ഞാ,നൊന്നിച്ചട്ടി–
മറിഞ്ഞിട്ടുണ്ടീ നാടിൻ രുചി,യിന്നാർക്കും വേണ്ട
ചന്ദനം വാൽക്കണ്ണാടി സിന്ദൂരം മട്ടിപ്പശ
ചാന്തു കണ്മഷി പനീർ തൊട്ടുള്ള സൗഭാഗ്യങ്ങൾ
വേണ്ടതു കുട്ടിക്കൂറപ്പൗഡറും ക്യൂട്ടെക്സുമാ–
പ്പോണ്ടിന്റെ ക്രീമും ഹെയറോയിലും സെന്റും മറ്റും!
ചൂടേണ്ടാ കറുകമാലകളും തുളസിയും,
ചൂടുന്നു നെറ്റും റിങ്ങും ഹെയർപ്പിൻ പ്ലാസ്റ്റിക്പൂവും!
ശുഭ്രവെണ്മയിൽ പ്രിയമില്ല, രാക്ഷസരൂക്ഷ–
വിഭ്രാന്തി നല്കും വർണ്ണസങ്കരത്തിലാണിമ്പം.
ഇന്നാർക്കു വേണ്ടൂ ചേന്നമംഗലം തുണി,യില്ലി–
ക്കുന്നനും? പാവും പുള്ളീർക്കരയും പഴഞ്ചത്തം!
കാറ്റുള്ളിൽക്കടക്കാത്ത ടെറലീനുണ്ടോ, ടെറി–
ക്കോട്ടനും? മതി; നൈലെക്സില്ലെങ്കിൽ നൈലോണാട്ടെ.

ൟൟൟ

മകനേ, മനസ്സിലാക്കുന്നു ഞാൻ, മരുമരീ–
ചികപോലകന്നുപോമിന്ദ്രിയസുഖങ്ങളെ
തേടിയോടുകയാണിപ്പുരുഷാന്തരം, ഉല–
മാതിരി കിതയ്ക്കുന്ന, രക്തസമ്മർദ്ദത്തോടെ.
വിശ്വപൗരന്മാർപോലും! ഭീരുക്കൾ തമ്മിൽത്തമ്മിൽ
വിശ്വസിപ്പീലാ; മറ്റുള്ളവർതൻ കശേരുനാ–
മാസ്ഥികൾ തുളച്ചോടക്കുഴൽ വായിച്ചാലവ–
നുത്തമൻ; അവന്റെ പാദാരവിന്ദത്തെസ്സർവ്വ–
മർത്ത്യരും ലാംഗൂലങ്ങൾ ചുരുക്കിപ്പൂജിക്കുന്നു!
കഴിയുന്നില്ലീ ഹ്രസ്വദൃഷ്ടികൾക്കവർ വെയ്ക്കും
കണ്ണട പത്താംക്ലാസ്സിലെത്തും മുമ്പെങ്കിൽക്കൂടി
പഠിച്ച ഭൂലോകവിജ്ഞാനവൈപുല്യം ഹൃത്തി–
ലൊതുക്കിച്ചേറിക്കൊഴിച്ചെടുത്തു സംരക്ഷിക്കാൻ.
അവർതൻ കാറുണ്ടാവും സായാഹ്നങ്ങളിൽ ബീച്ചിൽ
അവരുണ്ടാവും ട്രാൻസിസ്റ്ററുമായ് ലയൺസ് പാർക്കിൽ.
കഴിക്കുന്നതൈസ്മിൽക്കും ഫ്രൂട്സലാഡുമാണ,ന്തി–
കറുത്താൽപ്പെഗ്ഗൊന്നൊന്നായൊഴിപ്പൂ ബാറിൽക്കേറി.
തരമുണ്ടെങ്കിൽ ബാൾറൂംഡാൻസിലും പഥ്യം; പക്ഷേ,

പറയാതെവയ്യാർഷസംസ്കാരപ്രിയരത്രേ.

ൟൟൟ

മകനേ, മനസ്സിലാക്കുന്നു ഞാനിക്കൂട്ടർക്കു
മതിപ്പാണെല്ലാ മാന്യന്മാരെയുമൊരേതോതിൽ.
മാർക്സിനുള്ളതു ചുമ്മാ മാർക്സിനും കൊടുക്കുന്നു,
മഹാത്മാഗാന്ധിക്കുള്ളതദ്ദേഹത്തിനും, പോരേ?
കാണണം ചലച്ചിത്രമതിലെപ്പാട്ടെപ്പോഴും
കാതിൽ വന്നലച്ചാലേ നടക്കൂ ചെയിൻ സ്മോക്കിങ്.
ക്രിക്കറ്റു ഫുട്ബോൾ ടൂർണ്ണമെന്റുകൾക്കെല്ലാം ഹയർ–
ട്ടിക്കറ്റു റിസർവ്വുചെയ്തെത്തണം മടുപ്പില്ല
സർക്കസ്സും, സംഭാഷണവിഷയം മോട്ടോർക്കാറിൻ
മാർക്കറ്റു ഫാഷൻ മോഡൽ നമ്പറും റേറ്റും മാത്രം!
ഇറ്റലിയിൽപ്പണ്ടുള്ളൊരടിമപ്പോരും സ്പെയ്നി–
ലിപ്പൊഴും നടക്കുന്ന പേർകേട്ട കാളപ്പോരും
കാണുവാൻ കഴിയാത്ത    ഖേദത്താലിവർ ചെന്നു
കാണുന്നു ഗ്രാമത്തിലെക്കാളപൂട്ടാഘോഷങ്ങൾ!''

# ബലിബലോദയം

മലഞ്ചോലപോലെന്റെകാതിലെൻ സിരകളിൽ–

ബ്ബലിതൻ സ്നേഹത്തിരമാലകളിരമ്പുമ്പോൾ,
അച്ഛനും മുത്തച്ഛനും മുതുമുത്തച്ഛന്മാരും
സ്വച്ഛവാങ്മയമായെൻ കരളിൽ തുളുമ്പുമ്പോൾ,
എന്തവർണ്ണനീയാത്മോൽക്കർഷം! – ഈയോണാഘോഷ–
മെന്തിനുണ്ടായീ, ശതാബ്ദങ്ങളിലൂടെന്തിന്നു
നിലനിൽക്കുന്നൂ, നിലനിന്നിടും? കരതലാ–
മലകംകണക്കെ ഞാനിത്തത്വം ഗ്രഹിക്കുമ്പോൾ,
താമരനൂൽകൊണ്ടെന്റെ    ഹൃദയം ബന്ധിക്കുമാ
പ്രേമനമ്രത വീണ്ടും തുടങ്ങീ സംഭാഷണം:
''ഇത്രയും കേട്ടിട്ടും നീ ചരിതാർഥനല്ലെങ്കിൽ
ഇനി ഞനൊരു ലഘുവാസ്തവം പറഞ്ഞോട്ടെ:
നായയെക്കൊല്ലുന്നതു കൂടി നീ കണ്ണീരിലാ–
പ്യായനം* ചെയ്തിട്ടാണെന്നറിയുന്നു ഞാൻ കുഞ്ഞേ!
നന്മയെക്കുറിച്ചുള്ള സങ്കൽപ്പത്തിനുവേണ്ടി
നമ്മൾ ചിന്നീടും വിയർപ്പൊഴിച്ചെന്തുള്ളൂ ധർമ്മം?
അന്യരെന്തൊക്കെച്ചെയ്തൂ, ചെയ്തില്ലെന്നാലോചിച്ചി–
ട്ടുണ്ണി, നീ കണ്ണാടിപോലുടയ്ക്കായ്കായുഷ്ക്കാലം.
നിന്റെ കർമ്മം താനല്ലോ നീയായിജ്ജന്മം കൊണ്ടൂ;
നിന്റെ കർമ്മമായല്ലോ വീണ്ടും നീ ജനിക്കേണ്ടൂ;
നിത്യമേതിജ്ജംഗമസ്ഥാവരങ്ങളിൽ? എല്ലാം
നിത്യത്തിൻ നിദ്രാണഭാവത്തിന്റെ രൂപം മാത്രം.
എങ്കിലും, നിനക്കിച്ഛയുണ്ടെങ്കിലീയന്യോന്യ–
സംക്രമദുഃഖം പേറും രൂപപാരതന്ത്ര്യത്തെ
ഭേദിക്കാം; നിനക്കതിന്നുപായം സർവ്വാത്മസം–
വേദനം സാധിക്കുന്ന ഭൂതകാരുണിമാത്രം.

അതുതാനത്രേ നിത്യനിർമ്മല ജഗന്മോക്ഷം,
അതുതാനത്രേ ദൃശ്യവസ്തുവിന്നദൃശ്യാംശം.
അഖിലാന്തര്യാമിയാം വിഷ്ണുവിൻ നാഭീപത്മ–
സുഖസൗരഭമതാണ,തായ് നീ വിടർന്നാലും!

ഊഊഊ

അറിയാമല്ലോ യുഗങ്ങൾക്കു മുമ്പിപ്പാരെന്ന–
ല്ലമരലോകംപോലും സംരക്ഷിച്ചതീച്ഛത്രം.
മറ്റൊരാളുടെ ദയാദാനദാക്ഷിണ്യങ്ങളാൽ–
കിട്ടിയതല്ലാ സ്വർഗ്ഗമെന്നും ഞാനോർപ്പിക്കട്ടെ.
'പിന്നെയോ?' ചോദിക്കയാണല്ലി നീ? നിൻ ജിജ്ഞാസ–
യെന്നിലെക്കാഠിന്യത്തിൽ   മധുരം ചുരത്തുന്നു:
എന്റെ പൗരുഷംകൊണ്ടും, എന്റെ മുത്തച്ഛൻ പ്രഹ്ലാ–
ദന്റെ വത്സലപാരിതോഷികമാണീ വാടാ–
മലർമാലയീ മാല മാറിലുള്ളതുകൊണ്ടും,
മഹർഷിശ്രേഷ്ഠൻ ശുക്രനെൻ ഗുരുനാഥൻ ശിഷ്യ–
വത്സലൻ കനിഞ്ഞെനിക്കേകിയതാമീശ്ശംഖിൻ
വജ്രഭീഷണഗംഭീരോദാരനാദംകൊണ്ടും,
വേദവേദാംഗപ്പൊരുളറിഞ്ഞ വിപ്രന്മാർതൻ
സാദരേങ്ഗിതം തെറ്റാവരംതന്നതുകൊണ്ടും
പണ്ടു ഞാൻ പടവെട്ടിത്തോറ്റു പിന്മടങ്ങിയ
പടിക്കൽച്ചെന്നൂ വീണ്ടും പടവെട്ടുവാൻ വേണ്ടി,
വിശ്വജിദ്യജ്ഞം ചെയ്തിട്ടഗ്നിയാലുൽപ്പാദിച്ച
വിശ്രുതപ്പൊൻപട്ടണിച്ചേലാർന്ന തേരിൽത്തന്നെ,
പടയാൽ പടക്കോപ്പാൽ പടനായകന്മാരാൽ
പരിശോഭിക്കും സിംഹചിത്രിതധ്വജത്തോടെ!
ആ രംഗമിന്നും കണ്ണിൽക്കാൺമു ഞാൻ: ബ്രഹ്മാണ്ഡമെ–
ന്നാത്മതേജസ്സിൻ കാൽക്കൽ കന്ദുകപ്രായം നില്ക്കെ,
എന്റെ ശംഖത്തിൻ നാദ,മെട്ടുദിക്കിലും വീണോ–
രെന്റെ, ചൂഴ്ന്നിറങ്ങുന്ന ചുട്ടുപൊള്ളിക്കും നോട്ടം,
ഉമ്പർകോനെയും തന്റെ വിറയ്ക്കും ചതുരംഗ–
വൻപടയേയും ചെന്ന ചെല്ലലിൽപ്പായിച്ചല്ലോ!
എന്നല്ല, ദിവസ്പതി പട്ടത്തിലമർന്നു ഞാ–
നന്നു നേടിയ യശസ്സസ്തമിച്ചിട്ടില്ലിന്നും!
മാനുഷരെല്ലാരുമൊന്നെന്ന ദർശനം കുഞ്ഞേ,
ഞാനൊഴിച്ചെവൻ സാക്ഷാൽക്കരിച്ചു ചരിത്രത്തിൽ?
എന്തുകൊണ്ടെനിക്കതു സാധ്യമായെന്നോ നിന്റെ
സന്ദേഹം? ദേഹത്തിലിദ്ദേഹി ജീവിക്കും കാലം
കണ്ണുകൾ, നേരിട്ടേറ്റുമുട്ടിയ ധർമ്മത്തിന്റെ
കണ്ണിൽനിന്നൊരിക്കലുംപറിച്ചില്ല ഞാനുണ്ണീ!
അഥവാ, ദിവസ്പതിയനുഷ്ഠിക്കേണ്ടും കർമ്മ–
മണുമാത്രം ഞാൻ പൃഥക്കരിച്ചിട്ടില്ലെന്നുണ്ണീ!

ഊഊഊ

നർമ്മദാതടത്തിലെബ്ഭൃഗുകച്ഛത്തിൽ ധർമ്മ–
കർമ്മകോവിദബ്രഹ്മർഷീന്ദ്രർതൻ ഹിതംപോലെ
എന്റെ ശുക്രാചാര്യർതന്നാദേശാനുസാരംതാ–
നന്നു ഞാനനുഷ്ഠിച്ചു നൂറശ്വമേധം കൂടി.
അവസാനത്തേതവസാനിച്ചില്ല,പ്പോഴേയ്ക്കു–
മവിടെ പ്രവേശിക്കയല്ലയോ ചെയ്തു മോക്ഷം?

ആ രംഗമിന്നും കണ്ണിൽക്കാണ്മൂഞാൻ: ആരാധിക്കും–
തോറുമേറിടും ബിംബത്തിന്റെ ചൈതന്യംപോലെ!
'അരുതെ'ന്നെന്നാചാര്യൻ വിലക്കീ ത്രികാലജ്ഞ–
നഖിലാഗമധർമ്മസാരജ്ഞനെങ്കിൽക്കൂടി,
വലംകൈയിലെഗ്ഗന്ധപുഷ്പോപേതമാം ദാന–
ജലമപ്പടിയിറ്റു വീണൊടുങ്ങീടും മുമ്പേ,
'ശരി'യെന്നെനിക്കപ്പോൾ ത്തോന്നിയതു ഞാൻ ചെയ്തേൻ;
ശരിയാണ,തിലുള്ള പിഴകൊണ്ടുതാനല്ലോ
സ്വർഗ്ഗവും നഷ്ടപ്പെട്ടൂ, ഭൂമിയും നഷ്ടപ്പെട്ടൂ,
ശിഷ്ടമീയുത്തുംഗോത്തമാംഗവും കടപ്പെട്ടൂ!

ഊഊഊ

അറിയാതെയല്ലെന്നാൽ, ഭവിഷ്യത്തെന്തെന്നുള്ളിൽ
തറയാതെയല്ലുണ്ണീ, ചെയ്തതാ മഹാത്യാഗം.
അർത്ഥത്തെ, യശസ്സിനെക്കാമത്തെ, സ്വന്തം കുല–
വൃത്തിയെ,ച്ചൊല്ലിച്ചീറിയമറുമഹങ്കാരം,
മരിച്ച കുലകൂടസ്ഥരെയും ജനിക്കുവാ–
നിരിക്കുന്നവരായ പിന്തുടർച്ചക്കാരേയും
നിനച്ചിട്ടുള്ളിൽ ചുരമാന്തിടുമഹങ്കാരം
നിലച്ചിട്ടല്ലാ കുഞ്ഞേ, ചെയ്തതാ മഹാത്യാഗം,
ഭ്രഷ്ടസർവ്വസ്വന്റെ ദുഷ്ക്കീർത്തിയും ദാരിദ്ര്യവും
കഷ്ടവുമൊറ്റപ്പാടും രോഗവും നൈരാശ്യവും
സ്പഷ്ടമായ്ക്കണ്ടിട്ടെന്റെ മൃൽപിണ്ഡത്തിലെബ്ഭീരു
രുഷ്ടനാവാഞ്ഞല്ലുണ്ണീ, ചെയ്തതാ മഹാത്യാഗം.
പ്രഹ്ലാദ,നാജന്മാവധൂതനാം മുത്തച്ഛൻ, അ–
ത്യാഹ്ലാദത്തോടെയെന്നെ പ്രേരിപ്പിച്ചതുകൊണ്ടും
ശത്രുപക്ഷക്കാരായ വിപ്രർക്കുപോലും ജീവ–
ഭീക്ഷ നല്കിയ വിരോചനരാജാവെന്നച്ഛൻ
ഉയിരാർന്നുള്ളിൽ ജ്ജീവിച്ചിരിക്കുന്നതുകൊണ്ടും
ക്ഷയവൃദ്ധികൾ കണ്ടു കൺതെളിഞ്ഞതുകൊണ്ടും
പത്നിയെത്തനയരെബ്ബന്ധുമിത്രാദ്യന്മാരെ–
സ്സദ്മത്തെശ്ശരീരത്തെക്കൂടിയുമവസാനം
വിട്ടുപോകണ,മപ്പോൾ ശ്ശരണം പ്രത്യക്ഷനീ
വിശ്വരൂപനീ വിരാട്പൂമാനീ വിഭുമാത്രം
എന്നുള്ള ബോധംകൊണ്ടുംകൂടിയല്ല ഞാൻ കുഞ്ഞേ,
ചൊന്നു വാമനനോടു, 'വാഞ്ഛിതം കൈക്കൊണ്ടാലും!'
'പിന്നെയോ?' ചോദിപ്പിതോ ജിജ്ഞാസാഭരിതൻ നീ
പിന്നെയും? – ദാനം ചെയ്തതെന്റെ സമ്പാദ്യം മാത്രം
എന്നഹങ്കാരം മാത്രം; അതു ഞാൻ ചെയ്തപ്പോൾക്കൈ–
വന്നതല്ലല്ലീ സനാതനമാം വീരസ്വർഗ്ഗം?

ഊഊഊ

കനകം വിളയുമാക്കാലത്തിൻ ഗുഹാമുഖ–
കവാടത്തിൽവെച്ചിന്നും കേൾപ്പിതെന്നന്തശ്ശ്രോത്രം
അന്നു വാമനമൂർത്തി ചൊന്ന വാക്കിലെത്തുംഗ–
നമ്രത ശബ്ദബ്രഹ്മസാരസർവ്വസ്വംപോലെ:
'ആധിയോ ഭീയോ ശത്രുശല്യമോ ആലസ്യമോ
വ്യാധിയോ തളർച്ചയോ തട്ടാത്ത സുതലത്തിൽ
വിണ്ണവർപോലും നിവസിക്കുവാൻ വാഞ്ഛിക്കുന്ന

വിശ്വകർമ്മാവിന്റെ കൈവിരുതാം സുതലത്തിൽ
അവസാനമില്ലാതെ വാണുകൊണ്ടിരുന്നാലു–
മധൃഷ്യാത്മാവേ, താങ്കളിന്ദ്രനായ്ത്തീരും നാളെ,*
ഭക്തദാസൻ ഞാനെന്റെ ചക്രത്താൽക്കാക്കും നിന്നെ–
പ്പയ്ക്കിടാവിനെത്തള്ളപ്പയ്യതിൻ കൊമ്പാൽപ്പോലെ.'

ഊഊഊ

അന്നല്ലോ ചിരഞ്ജീവിയായി ഞാൻ; അതിനാൽത്താ–
നല്ലയോ ചിങ്ങത്തിരുവോണനാളിപ്പോഴുമീ
നല്ല നാടെന്നെപ്പൂജിച്ചിരുത്തീടുന്നൂ ഹൃത്തി,–
ലല്ലലിൽക്കായ്ക്കും ഹർഷപൂർണ്ണിമ നേദിക്കുന്നു?
എന്റെ ജന്മർക്ഷത്തിന്നല്ലീ മഹോത്സവം, തന്റെ–
തന്നെ ജന്മർക്ഷത്തിന്നാണെന്ന വാസ്തവം പോലും
മലയാളിയെക്കൊണ്ടു മറപ്പിച്ചെൻ പേരിന്റെ
നിലനിൽപ്പവ്യാഹതമാക്കി വാമനമൂർത്തി!
വിസ്മയം തൃക്കാക്കരത്തേവരേ, ഭവല്ലീല
വിശ്വരൂപാന്തർഗ്ഗതകാലവാമനമൂർത്തേ!''

ഊഊഊ

ഉടനെബ്ബലിയുടെ നിഷ്പന്ദനയനത്തി–
ലുദിച്ചൂ സുതലത്തിൻ സൗവർണ്ണപ്രഭാപൂരം.
ഞാനതിലവഭൃഥസ്നാനമാചരിക്കുമ്പോൾ
വീണിതെൻ കാതിൽ, ''കാപ്പി കാലമായിരിക്കുന്നു.''
അധരം സ്വദിക്കുന്നൂ കോപ്പതൻ വക്കത്തു നി–
ന്നമൃതം: പ്രിയയുടെ വിസ്മയം വിടരുന്നൂ,
'എങ്ങനെ ഭവാൻ സ്വർണ്ണവർണ്ണനായ് മാറീ പെട്ടെ*–
ന്നെ,ങ്ങനെ വെറും പതിനാറുകാരനായ്ത്തീർന്നു?''
വേരു പൊട്ടിയ കാലിൻ മുറിവിൽക്കണ്ണോടിച്ചേൻ:
തീരെയില്ലിപ്പോൾ, തോലരങ്ങിയ പാടുംകൂടി!